प्रेस प्रकाशनी പ്രസ്സ് റിലീസ്

भारतीय रिज़र्व बैंक
ഭാരതീയ റിസർവ് ബാങ്ക്

वेबसाइट : www.rbi.org.in/hindi
വെബ്സൈറ്റ് : www.rbi.org.in
ई-मेल/ ഇമെയിൽ : helpdoc@rbi.org.in

**संचार विभाग**, केंद्रीय कार्यालय, शहीद भगत सिंह मार्ग, फोर्ट, मुंबई - 400 001
**ആശയവിനിമയ വകുപ്പ്**, കേന്ദ്ര കാര്യാലയം , ഷാഹിദ് ഭഗത് സിംഗ് മാർഗ് , ഫോർട്ട്, മുംബൈ- 400 001 फोन/ഫോൺ : **022 - 2266 0502**

സെപ്റ്റംബർ 09, 2024

# മഹാരാഷ്ട്ര സോലാപൂരിലെ സമർഥ് സഹകാരി ബാങ്ക് ലിമിറ്റഡിനു മേൽ ഭാരതീയ റിസർവ് ബാങ്ക് പണപ്പിഴ ചുമത്തി

"ബാങ്കിംഗ് റെഗുലേഷൻ ആക്ട്, 1949 ന്റെ (ബി ആർ ആക്ട്) വകുപ്പ് 12 (2) വകുപ്പ് 56 ഉം ആയി കൂട്ടി വായിച്ച പ്രകാരം ഉള്ള വ്യവസ്ഥകൾ ലംഘിച്ചതിനും, "വെളിപ്പെടുത്തൽ മാനദണ്ഡങ്ങളും നിയമാനുസൃതവും/മറ്റുള്ളതും ആയ നിയന്ത്രണങ്ങളും – യുസിബി കൾ *(UCBs)" എന്ന വിഷയത്തെ സംബന്ധിച്ച്* ആർ ബി ഐ (RBI) പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കാത്തതിനും കൂടാതെ, *പ്രാഥമിക (അർബൻ) സഹകരണ ബാങ്കുകൾക്കായുള്ള (യൂ സി ബി കൾ) സൂപ്പർവൈസറി ആക്ഷൻ ഫ്രെയിംവർക്ക് പ്രകാരമുള്ള പ്രവർത്തനപരമായ നിർദ്ദേശങ്ങൾ* പാലിക്കാത്തതിനും, 2024 സെപ്റ്റംബർ 05 ലെ ഉത്തരവു പ്രകാരം, മഹാരാഷ്ട്ര സോലാപൂരിലെ സമർഥ് സഹകാരി ബാങ്ക് ലിമിറ്റഡിനു (പ്രസ്തുത ബാങ്ക്) മേൽ ഭാരതീയ റിസർവ് ബാങ്ക് (ആർ.ബി. ഐ), 4,50,000/- രൂപ (നാലു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പിഴ ചുമത്തി. 1949 ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ 47എ(1)(സി) എന്ന വകുപ്പിനൊപ്പം 46(4)(i), 56 എന്നീ വകുപ്പുകളും കൂട്ടിവായിച്ച പ്രകാരം ആർ.ബി.ഐ.യിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ചാണ് ഈ പിഴ ചുമത്തിയിരിക്കുന്നത്.

പ്രസ്തുത ബാങ്കിന്റെ മേലുള്ള നിയമപ്രകാരമുള്ള പരിശോധന, അതിന്റെ 31 മാർച്ച് 2023 വരെയുള്ള സാമ്പത്തിക സ്ഥിതിയെ അടിസ്ഥാനമാക്കി, ആർ.ബി.ഐ നടത്തുകയുണ്ടായി. നിയമപരമായ വ്യവസ്ഥകളുടെ ലംഘനം, ആർ.ബി.ഐ യുടെ മാർഗ്ഗരേഖകളും ഇതു സംബന്ധിച്ച അനുബന്ധ കത്തിടപാടുകളും പാലിക്കാത്തതായുള്ള പരിശോധനാ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, പ്രസ്തുത ബാങ്കിന്, ബി.ആർ ആക്ടിലെ പ്രസ്തുത വ്യവസ്ഥകളും ആർ.ബി.ഐ നിർദ്ദേശങ്ങളും പാലിക്കാത്തതിൽ ഉണ്ടായ

വീഴ്ചയുടെ പേരിൽ പിഴ ചുമത്താതിരിക്കുന്നതിനുള്ള കാരണം കാണിക്കാൻ നിർദ്ദേശിച്ച് നോട്ടിസ് നൽകുകയുണ്ടായി.

നോട്ടിസിനുള്ള ബാങ്കിന്റെ മറുപടിയും, വ്യക്തിപരമായ ഹിയറിങ്ങിൽ നല്കിയ വാക്കാലുള്ള സമർപ്പണങ്ങളും അധിക സമർപ്പിക്കലുകളുടെ പരിശോധനയും പരിഗണിച്ചതിൻ ശേഷം, മറ്റു പലതിന്റെയും കൂട്ടത്തിൽ, താഴെ പറയുന്ന കുറ്റം ചാർത്തലുകൾ (ചാർജ്) നിലനിൽക്കുന്നതായി ആർ.ബി.ഐ കണ്ടെത്തുകയും, തന്മൂലം പണപ്പിഴ ചുമത്തൽ നിർബന്ധിതമാവുകയും ചെയ്തു. പ്രസ്തുത ബാങ്ക് (1) ഏറ്റവും ഒടുവിൽ നിർണയിക്കപ്പെട്ട സി.ആർ.എ.ആർ (CRAR) 9 ശതമാനത്തിൽ താഴെ ആയിരുന്നിട്ടും അതിന്റെ അംഗങ്ങൾക്ക് ഷെയർ മൂലധനം തിരികെ നൽകുന്നതിന് അനുവദിച്ചു, (2) നാമമാത്ര അംഗങ്ങൾക്ക് നിർദ്ദിഷ്ട നിയന്ത്രണ പരിധി ലംഘിച്ചുകൊണ്ട് വായ്പകൾ അനുവദിച്ചു (3) യൂ സി ബി (UCBs) കൾക്കുള്ള സൂപ്പർവൈസറി ആക്ഷൻ ഫ്രെയിംവർക്ക് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പ്രവർത്തനപരമായ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട്, നിക്ഷേപങ്ങൾക്ക് ഭാരതീയ സ്റ്റേറ്റ് ബാങ്ക് നൽകുന്നതിനെക്കാൾ ഉയർന്ന പലിശ നിരക്ക് വാഗ്ദാനം ചെയ്തു.

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നു മാത്രമല്ല, ഇത് പ്രസ്തുത ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതുമല്ല. കൂടാതെ, ഈ പണപ്പിഴ ചുമത്തൽ പ്രസ്തുത ബാങ്കിനെതിരെ ആർ.ബി.ഐ മേലിൽ ആരംഭിച്ചേക്കാവുന്ന മറ്റെന്തെങ്കിലും നടപടികളിന്മേൽ യാതൊരുവിധ മുൻവിധിയും ഉളവാക്കുന്നതല്ല.

**(പുനീത് പഞ്ചോളി)**

**പത്രക്കുറിപ്പ് :2024-2025/1069** ചീഫ് ജനറൽ മാനേജർ